**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3301** **13-07-2022 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വർക്കല മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് എത്ര വില്ലേജ് ഓഫീസുകളെയാണ് തെരെഞ്ഞെടുത്തിട്ടുള്ളത്; വിശദമാക്കാമോ; | (എ) | വർക്കല മണ്ഡലത്തിൽ നാവായിക്കുളം, കുടവൂർ, മടവൂർ, പള്ളിക്കൽ, വർക്കല, വെട്ടൂർ, ചെമ്മരുതി, അയിരൂർ എന്നീ 8 വില്ലേജുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | ഇവയിൽ എത്ര വില്ലേജ് ഓഫീസുകളുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | നാവായിക്കുളം, കുടവൂർ, മടവൂർ, പള്ളിക്കൽ എന്നീ 4 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പ്രവൃത്തി പൂർത്തിയായിട്ടുള്ളതും ആയത് നിലവിൽ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരികയുമാണ്. |
| (സി) | എത്ര വില്ലേജ് ഓഫീസുകളുടെ പ്രവൃത്തി പൂർത്തിയാക്കുവാനുണ്ട്; ഇവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (സി) | വർക്കല, വെട്ടൂർ, ചെമ്മരുതി, അയിരൂർ എന്നീ 4 വില്ലേജ് ഓഫീസ് നിർമ്മാണങ്ങൾ പൂർത്തിയാക്കുവാനുണ്ട്. ചെമ്മരുതി വില്ലേജ് ഓഫീസിന്റെ ഒന്നാം നിലയുടെയും വർക്കല വില്ലേജ് ഓഫീസിന്റെയും റൂഫ് കോൺക്രീറ്റ് പൂർത്തിയായിട്ടുണ്ട്. വെട്ടൂർ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ ജോലികളും അയിരൂർ വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി ലാൻഡ് സെറ്റ് ഔട്ട് ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ